# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1865 | 10/03/2020-ൽ മറുപടിക്ക്

## ആശാവർക്കർമാരുടെ സേവനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. സ്വരാജ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്ത് ആശാവർക്കർമാർ മുഖേന എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്നറിയിക്കാമോ; | എ) | കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും, അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. മാതൃ-ശിശു സംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക, പകർച്ചവ്യാധിനിയന്ത്രണ പരിപാടികൾ, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ-ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിതശൈലീരോഗങ്ങൾ, സാന്ത്വനശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യപരിപാടി തുടങ്ങിയവയാണ് ആശാപ്രവർത്തകരുടെ പ്രധാന പ്രവർത്തനങ്ങൾ. |
| ബി) | ഇവരുടെ സേവനം സംസ്ഥാനത്ത് എല്ലായിടങ്ങളിലും ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ; | ബി) | കേരളത്തിൽ 27080 ആശാ പ്രവർത്തകരാണ് പ്രവർത്തിച്ചുവരുന്നത്. മുൻപ് 1000 ജനങ്ങൾക്ക് ഒരു ആശ എന്ന നിലയിൽ ആയിരുന്നത് ഇപ്പോൾ ഒരു വാർഡിന് ഒരു ആശ എന്ന നിലയിൽ പുനഃക്രമീകരണം ചെയ്ത് കേരളത്തിലെ എല്ലാ വാർഡുകളിലും ആശമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇവരുടെ പ്രവർത്തനം കൂടുതൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | സി) | ആശ പ്രവർത്തകരെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനും സമയാസമയങ്ങളിലുള്ള ഉത്തരവുകളും പുതിയ പ്രവർത്തനങ്ങളും നിലവിലുള്ള പ്രവർത്തനങ്ങളിലെ മാറ്റങ്ങളും അറിയിക്കുന്നതിനുമായി ഓരോ പി.എച്ച്.സി/സി.എച്ച്സി ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിൽ നിന്നും (ഓരോ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ) ഒരു ആശാ പ്രവർത്തകയെ വീതം പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ പ്രതിമാസ അവലോകന യോഗം ജില്ലാ ആശാ കോർഡിനേറ്ററുടെ ഉത്തരവാദിത്തത്തിൽ നടന്നുവരുന്നു. ഇത് ജില്ലയിലെ ആശമാരുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാണ്. കൂടാതെ ആശമാരെ വാർഡുതല കോ-ഓർഡിനേറ്റർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്നതുമൂലം ആശമാരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ ലഭ്യമായിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ